# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4811** **01-11-2021 - ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് റോഡുകളിൽ കേബിളുകളും പൈപ്പുകളും ഇടുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേബിളുകളും പൈപ്പുകളും ഇടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | റോഡുകളിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ (ആർ.റ്റി) നം. 30/2018/ പൊമ.വ. തീയതി 05.01.2018, ജി.ഒ (ആർ.റ്റി )നം.1321/2018/ പൊമ.വ. തീയതി 24.08.2018 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ യൂട്ടിലിറ്റി സ്ഥാപിക്കുന്നതിനായി RoW Portal സംവിധാനത്തിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. ആയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ്, ഏജൻസി റോഡ് റെസ്റ്റോറേഷനായി ഒടുക്കേണ്ട തുക ഉൾപ്പെടുത്തി ഡിമാൻറ് നോട്ടീസ് നൽകുന്നു. ആയതിൻ പ്രകാരം ഏജൻസികളും പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കുന്ന അവസരങ്ങളിൽ നിശ്ചിത തുക സൂപ്പർ വിഷൻ ചാർജ്, സെക്യൂരിറ്റി എന്നിവയായി വാങ്ങുകയും പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധിയ്ക്കുശേഷം സെക്യൂരിറ്റി വിട്ടുതൽ ചെയ്തു നൽകുകയും ചെയ്യുന്നു. ഭൂരിഭാഗം പ്രവൃത്തികളും ഏജൻസികളിൽ നിന്നും ഈടാക്കുന്ന റെസ്റ്റോറേഷൻ തുക ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ദേശീയപാതയിൽ റോഡുകളിൽ പൈപ്പ് / കേബിളുകൾ സ്ഥാപിക്കുന്നതിനായി ROWസർവ്വീസ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നം. RW/NH-33044/2015/S&R(R) തീയതി 27.11.2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള |

| | | | |
|---|---|---|---|
| | | | ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളിൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഫീസ്അടക്കേണ്ടതും, സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്അനുമതി നൽകുന്നത്. |
| (ബി) | അനുമതി വാങ്ങി കേബിളുകളും പൈപ്പുകളും ഇടുന്ന റോഡുകളിൽ പിന്നീട് റോഡ് വികസനത്തിന്റെ ഭാഗമായി ഇത്തരം കേബിളുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ ആയതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) | റോഡ് വികസനത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റി പൈപ്പുകൾ, കെ.എസ്.ഇ.ബി കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക പ്രസ്തുത ഏജൻസികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നു. പിന്നീട ആയത് പ്രസ്തുത പൈപ്പുകൾ,കേബിളുകൾ, പോസ്റ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറി നൽകുന്നു. ഇത്തരം യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുമ്പോൾ റോഡ് സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിലെ റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കരുതെന്നുമുള്ള നിഷ്കർഷ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട് |
| (സി) | കെ.എസ്.ഇ.ബി.-യ്ക്കും വാട്ടർ അതോറിറ്റിക്കും ഇതിലുള്ള പങ്ക് എന്താണ്; | (സി) | റോഡ് വികസനത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റി പൈപ്പുകൾ, കെ.എസ്.ഇ.ബി കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക പ്രസ്തുത ഏജൻസികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നു. പിന്നീട ആയത് പ്രസ്തുത പൈപ്പുകൾ,കേബിളുകൾ, പോസ്റ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറി നൽകുന്നു. ഇത്തരം യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുമ്പോൾ റോഡ് സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിലെ റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കരുതെന്നുമുള്ള നിഷ്കർഷ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട്. |
| (ഡി) | ഇത്തരം കേബിളുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ ഉടമ്പടികൾ വയ്ക്കാക്കാറുണ്ടോ: വ്യക്തമാക്കാമോ? | (ഡി) | റോഡ് വികസനത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റി പൈപ്പുകൾ, കെ.എസ്.ഇ.ബി കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക പ്രസ്തുത ഏജൻസികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നു. പിന്നീട ആയത് പ്രസ്തുത |

| | | | |
|---|---|---|---|
| | | | പൈപ്പുകൾ,കേബിളുകൾ, പോസ്റ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറി നൽകുന്നു. ഇത്തരം യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുമ്പോൾ റോഡ് സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിലെ റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കരുതെന്നുമുള്ള നിഷ്കർഷ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ